(ബി) ഇതിൽ എത്രപേർക്ക് ഇതുവരെയായി കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് സഹായം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി എന്നീ പഞ്ചായത്തുകളിലായി മൊത്തം 7512 കയർ തൊഴിലാളികളുള്ളതിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായവർ 2868 പേരാണ്.

(ബി) 2094 അംഗങ്ങൾക്ക് കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിവിധ തരത്തിലുള്ള ധനസഹായം നൽകിയിട്ടുണ്ട്.

വനഭൂമിയുടെ വിസ്തൃതി

128 [2098] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റിന്റെ കണക്കനുസരിച്ച് കേരളത്തിലെ വനഭൂമിയുടെ വിസ്തൃതി എത്രയാണ്;

(ബി) വനാതിർത്തി നിർണ്ണയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് വനാതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സർവ്വെ ഓഫ് ഇൻഡ്യയുടെ 2001-ലെ റിപ്പോർട്ട് പ്രകാരം 11221 ചതുരശ്ര കിലോമീറ്റർ വനഭൂമിയാണ് കേരളത്തിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. കാലാകാലങ്ങളിൽ കയ്യേറ്റം മൂലവും മറ്റ് പല ആവശ്യങ്ങൾക്കുമായി വനഭൂമി വിട്ടുകൊടുത്തതുമൂലവും വനത്തിന്റെ അതിർത്തികൾക്ക് മാറ്റം വന്നിട്ടുണ്ട്. ഇപ്പോഴുള്ള അതിർത്തി സ്ഥിരപ്പെടുത്തി ജണ്ടകളും കയ്യാലകളും നിർമ്മിച്ചുവരുന്നു. സംയുക്ത പരിശോധനവഴി സ്ഥിര അതിർത്തി നിർണ്ണയവും നടക്കുന്നുണ്ട്.

(സി) അതിർത്തി നിർണ്ണയ ജോലികൾ പല സ്ഥലങ്ങളിൽനിന്നും തുടങ്ങി പുരോഗമിച്ചുവരുന്നുണ്ട്. സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയതിനുശേഷം മാത്രമേ ടി സ്ഥലം സർവ്വേ നടത്തി വിസ്തീർണ്ണം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും സംസ്ഥാനത്തൊട്ടാകെ 2003—2004 വരെ 190011 ജണ്ടകൾ കെട്ടുകയും 981.687 കി. മീറ്റർ നീളത്തിൽ കയ്യാല കെട്ടുകയും ചെയ്തിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2097 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly